DESPATCHED
23/06/2020
20.3.20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 215*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1475**/*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി ഷൈജ പി.വി.,
മുണ്ടായാടൻ ഹൗസ്,
പെറോറ പി.ഒ., പെരുവച്ചൂർ,
മട്ടന്നൂർ – 670 702. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ കോടതി,
തലശ്ശേരി.

2. അപ്പീൽ അധികാരി&
ശിരസ്തദാർ,
ജില്ലാ കോടതി,
തലശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.12.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.01.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഷൈജ പി.വി., 30.01.2015ന്

സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.215(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 13.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 20.10.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 12.12.2014ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്ന് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയ്ക്ക് കൃത്യമായി മറുപടി നൽകിയിട്ടുണ്ടെന്നും മൂന്നാം കക്ഷി വിവരമാണ് ടിയാൾ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ടിയാൾ ആരോപിക്കുന്ന വ്യക്തിയുടെ പേര് രജിസ്റ്ററിലില്ലെന്നും 1948ലുള്ള കേസ്സാണെന്നും വളരെ കാലപ്പഴക്കമുണ്ടെന്നും ആയതിനാൽ കണ്ടെടുക്കാൻ കഴിഞ്ഞില്ലെന്നുമാണ്. എന്നാൽ ഹർജിക്കാരിയ്ക്ക് കൃത്യമായ മറുപടി ലഭ്യമായില്ലെന്നറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരിയ്ക്ക് ഒരിക്കൽ കൂടി മറുപടി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് 04.02.2020ന് മറുപടി നൽകിയതായി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM